പോലീസ് വകുപ്പ്

കേരളം

# PROCEEDINGS OF THE DISTRICT POLICE CHIEF

**ജില്ലാ പോലീസ് ഓഫീസ്, ഇടുക്കി**

**സാന്നിദ്ധ്യം : വേണുഗോപാൽ കെ ബി**

വിഷയം : നിയമസഭാ ചോദ്യങ്ങളും അവയുടെ മറുപടി സമർപ്പണവും - അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടത് സംബന്ധിച്ച്.

സൂചന :

**ഉത്തരവ് നമ്പർ : D1-8236/2018/ID തീയതി. 14-03-2018**

LA CELL സംബന്ധിച്ച ചോദ്യങ്ങളുടെ മറുപടികൾ സമയബന്ധിതവും , സത്യസന്ധമായും , കൃത്യതയോടേയും കൊടുക്കേണ്ടതുള്ളതിനാൽ എല്ലാ SDPO മാരും DySP(SB), DySP(Admn), DySP (NC), DySP(CD), DySP(DCRB), മുതലായവരും ഇക്കാര്യം പ്രത്യകം ശ്രദ്ധിക്കേണ്ടതാണ് . അതാത് സബ്ഡിവിഷനുകളിൽ രൂപീകരിച്ചിട്ടുള്ള LA Cell – ലേ ഉദ്യോഗസ്ഥർ വൈകുന്നേരവും രാത്രിയിലുമായി വരുന്ന ചോദ്യങ്ങളുടെ മറുപടികൾ കഴിയുന്നതും അന്ന് തന്നെയോ അതല്ലെങ്കിൽ പിറ്റേ ദിവസം രാവിലെ തന്നെയോ കൊടുക്കേണ്ടതുള്ളതിനാൽ സമയപരിധിക്കുള്ളിൽ തന്നെ ഉത്തരങ്ങൾ തയ്യാറാക്കേണ്ടതും, കൃത്യമായി നല്കേണ്ടതുമാണ് . SDPO മാരും സ്പെഷൽ യൂണിറ്റ് DySP മാരും അവരവരുമായി ബന്ധപ്പെട്ട LA ചോദ്യങ്ങൾ നേരിട്ട് പരിശോധിക്കേണ്ടതും മറുപടികളുടെ കൃത്യത ഉറപ്പ് വരുത്തി സമയപരിധിക്കുള്ളിൽ തന്നെ പേരോട് കൂടി ഒപ്പ് വച്ച് കൃത്യമായി അയക്കേണ്ടതുമാണ് . കൂടാതെ LA സംബന്ധമായ ചോദ്യങ്ങൾക്കും , മറുപടികൾക്കും കൃത്യമായ റെജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.

DPO യിലെ LA Cell ഉദ്യോഗസ്ഥർ 08.30 AM മുതൽ 06.00 PM വരെ ടേൺ അനുസരിച്ച ഡ്യൂട്ടിയിൽ ഉണ്ടാവേണ്ടതും അതാത് സമയങ്ങളിൽ നല്കേണ്ട മറുപടികൾ കൃത്യതയോടെ കൊടുത്തിട്ടുണ്ടോ എന്നകാര്യം ഉറപ്പ വരുത്തേണ്ടതും അല്ലാത്തപക്ഷം നോഡൽ ഓഫീസറുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്

LA സംബന്ധമായ ചോദ്യങ്ങൾക്കു തെറ്റായ ഉത്തരങ്ങൾ നൽകിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.. ആയതിനാൽ LA സംബന്ധമായ ചോദ്യങ്ങൾക്കു നൽകുന്ന മറുപടികൾ വ്യക്തവും, കൃത്യവും, സമയബന്ധിതവുമായിരിക്കണം എന്ന കാര്യം ബന്ധപ്പെട്ട DySP മാരും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരും നിർബന്ധമായും ഉറപ്പ് വരുത്തേണ്ടതാണ്.

14-03-2018

വേണുഗോപാൽ കെ ബി,

ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : All SDPOs, DySP (SB), DySP (Admin), DySP (DCRB) DySP (NC), DySP (CD), DySP (DCB) and AC AR

പകർപ്പ് : ജില്ല പോലീസ് ഓഫീസിലെ എല്ലാ ഉദ്യോഗസ്ഥർക്കും

D1-8236/2018/ID 02821a